


# കുഞ്ഞെഴുത്തുകൾ

# ഒരു ലിറ്റിൽകൈറ്റ്സ് പ്രസിദ്ധീകരണം

## ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്

**ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്,വീരണകാവ് പി ഒ 695572**
**കാട്ടാക്കട ഉപജില്ല,നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ല**
**തിരുവനന്തപുരം**

# കുഞ്ഞെഴുത്തുകാർ



# പൂക്കൾ



ഷിയാൻ എസ് എ
ക്ലാസ്സ് 1 എ



പൂക്കൾ നല്ല പൂക്കൾ

പൂന്തോട്ടത്തിലെ പൂക്കൾ

പല നിറത്തിലെ പൂക്കൾ

ചെറിയ വലിയ പൂക്കൾ

ചന്തമുള്ള പൂക്കൾ

കാറ്റത്താടും പൂക്കൾ

കാണാൻ എന്ത് ചന്തമാണ്



ദേവനന്ദ ജെ എസ്
ക്ലാസ്സ്: 3എ

# കുഞ്ഞിക്കാറ്റ്

കുഞ്ഞിക്കാറ്റേ കുഞ്ഞിക്കാറ്റേ
എങ്ങോട്ടാണ് ഓടുന്നേ?
ചേട്ടനെ കാണാൻ പോകുന്നോ
ചേച്ചിയെ കാണാൻ പോകുന്നോ
നേരം പുലരും നേരത്ത്
എങ്ങോട്ടാണ് വീശുന്നേ?
ഇലകൾ പൊഴിയാൻ വീശുന്നോ
പൂക്കൾ വിടരാൻ വീശുന്നോ
കാറ്റേ കാറ്റേ എങ്ങോട്ടാ
പാറി നടക്കുവതെങ്ങോട്ടാ?

# രാവ്



ആർദ്ര എ എസ് നായർ
ക്ലാസ്സ്: 3എ

രാവേ രാവേ പൂത്ത രാവേ
ഒരു ജീവിതം മധുമൊഴി ചൊല്ലിയും
കാറ്റാടി പോലൊന്ന് ചിണുങ്ങിക്കളിച്ചും
കാറ്റുപോൽഎന്നെ തഴുകുന്നു
ചിണുങ്ങി ചിണുങ്ങി കളിച്ചോടി വന്നു
മിനുങ്ങും രാവിൽപൂക്കും നക്ഷത്രച്ചെടിയെ
നീ കാതിലോല ചൊല്ലാതെടി, കാവിൽപാടും
മിന്നാമിനുങ്ങേ എങ്ങോട്ടാടീ ഈ പോക്ക്
മഴയും ഇടിയും വന്നാൽനീ ചിണുങ്ങി
കരയില്ലേ



ഇവ റാബി
ക്ലാസ്സ്: 3എ

# എന്റെ നാട്

കേരളം എന്റെ കേരളം

നമ്മുടെ സ്വന്തം കേരളം

തിരുവനന്തപുരം തൊട്ട്

കാസർഗോഡ് വരെ

14 ജില്ലകൾ ഉള്ള കേരളം

എന്റെ സ്വന്തം കേരളം

മലയാളമാണ് എന്റെ ഭാഷ

എന്റെ സ്വന്തം കേരളം



ആർദ്രവ് എ അനീഷ്
ക്ലാസ്സ്: 3എ

# കുഞ്ഞിതത്ത



തത്ത നല്ല തത്ത
പച്ച നിറമുള്ള തത്ത
ചന്തമുള്ള തത്ത
എന്റെ നല്ല തത്ത
പഴം തിന്നും തത്ത
പാറി നടക്കും തത്ത
മരത്തിൽഇരിക്കും തത്ത
എന്റെ കൊച്ചു തത്ത

# കുഞ്ഞിക്കോഴി



രുദ്ര
ക്ലാസ്സ്: 4എ

കുഞ്ഞിക്കോഴി
കുഞ്ഞിക്കോഴി
എന്നുടെ കൂടെ വന്നോട്ടെ
കുഞ്ഞി ചുണ്ടുകൾ കാണട്ടെ
കാണാൻ എന്തൊരു
ചേലാണ്
പുള്ളിയുടുപ്പിട്ട ചങ്ങാതി
എന്നുടെ കൂടെ പോരാമോ
എന്നോടൊപ്പം കളിക്കാമോ
വേഗം വേഗം വന്നോട്ടെ





# പൂന്തോട്ടം



അയന എസ് എസ്
ക്ലാസ്സ്: 4 എ

പൂക്കൾ നിറഞ്ഞൊരു പൂന്തോട്ടം
എത്ര മനോഹരമാണീ പൂന്തോട്ടം
പല വർണ്ണത്തിൽപല ഗന്ധത്തിൽ
വിരിഞ്ഞു നിന്ന് പുഞ്ചിരി തൂകും
പൂക്കൾ
തേൻ കുടിക്കാൻ പറന്നുവരും
കരിവണ്ടുകളും പൂമ്പാറ്റകളും
കൊതിയൻ തേനീച്ചയോട് ചോദിച്ചു-
“ഏതു പൂവ് നിനക്ക് ഇഷ്ടം?”



# കുഞ്ഞിപ്പൂച്ച



ആർദ്ര എൽ ആർ
ക്ലാസ്സ് : 4 എ

എനിക്കുണ്ടൊരു കുഞ്ഞിപ്പൂച്ച
കുഞ്ഞിക്കണ്ണുള്ള കുഞ്ഞിപ്പൂച്ച
മഞ്ഞ കലർന്നൊരു നിറമാണേ
പമ്മി നടക്കും പൂച്ചക്കുഞ്ഞ്
ചെറിയൊരു നാവാൽനുണയും
വികൃതി കാട്ടിക്കളിച്ചീടും
ചൂട് പറ്റി ഉറങ്ങീടും
പഞ്ഞി പോലുള്ള ദേഹമാണേ
മ്യാവു മ്യാവു പൂച്ചക്കുഞ്ഞ്
എന്റെ മാത്രം പൂച്ചക്കുഞ്ഞ്...

# നീലാകാശം



ആദികേശ് ആർ
ക്ലാസ്സ്: 4 എ

നീല നിറത്തിൽആകാശം
കാണാനെന്തൊരു ചേലാണ്
നിറഞ്ഞു നിൽക്കും താരങ്ങൾ
വട്ടത്തളികയിൽഅമ്പിളിയും
ചിരിച്ചു നിൽക്കും
സൂര്യനുമുണ്ടേ
പഞ്ഞി പോലെ മേഘങ്ങളും
കാണാൻ എന്തൊരു ചേലാണ്



# സുന്ദരലോകം



അക്ഷര വി പി
ക്ലാസ്സ് : 4 എ

മണ്ണും മരവും പുഴയും മലയും
നമ്മുടെ ലോകം
എന്തൊരു ഭംഗി!
കാറ്റും വെളിച്ചവും മഞ്ഞും വെയിലും
ദൈവത്തിൻ ദാനം
എന്തൊരു ഭംഗി!
പൂക്കളും കിളികളും ചിത്രശലഭവും
പാടുന്ന പാട്ട്
എന്തൊരു ഭംഗി!
കാടിനുള്ളിൽതുള്ളിക്കളിക്കും
മാനിൻകൂട്ടം
എന്തൊരു ഭംഗി!
പ്ലാസ്റ്റിക് വലിച്ചെറിയാതിരിക്കാം
പുഴകളും ജലവും കാത്തുവയ്ക്കാം
ഒരു തൈ നടാം, ഒരു തൈ നടാം
നമ്മുടെ ലോകത്തെ സംരക്ഷിക്കാം



# മിഠായി



നിരഞ്ജൻ എം
ക്ലാസ്സ്: 3 എ

മിഠായി നല്ല മിഠായി
രുചിയുള്ള മിഠായി
മധുരമുള്ള മിട്ടായി
പലനിറത്തിൽ
പലതരത്തിൽ
പല മണത്തിൽ
ചന്തമുള്ള മിഠായി
മിഠായി നല്ല മിഠായി



# മാമ്പഴം



ആയുഷ്
ക്ലാസ്സ്: 3 എ



മാമ്പഴം നല്ല മാമ്പഴം

മണമുള്ള മാമ്പഴം

രുചിയുള്ള മാമ്പഴം

തേനൂറും മാമ്പഴം

മാമ്പഴം നല്ല മാമ്പഴം

നാവിലെന്തു രസമാണ് !!

# പൂത്തുമ്പി



അക്ഷര
ക്ലാസ്സ്‌ : 3 എ

തുമ്പി തുമ്പി വന്നാട്ടേ

എന്നുടെ കൂടെ കളിക്കാമോ

പൂന്തേൻ ഉണ്ണാൻ പോരാമോ

എന്നോടൊപ്പം പോരാമോ

തുമ്പി തുമ്പി വന്നാട്ടേ



# എലിയും പൂച്ചയും



അനാമിക
ക്ലാസ്സ്: 3 എ

പൂച്ച നല്ല പൂച്ച

എലിയെ പിടിക്കും പൂച്ച

പാല് കുടിക്കും പൂച്ച

എലി കരണ്ടു തിന്നും

പൂച്ചയും എലിയും

അടികൂടും

ഹീറോയാണ് പൂച്ച

പൂച്ചയെ കളിപ്പിക്കും എലി

കളിച്ചു തളരും പൂച്ച

എന്റെ കുറിഞ്ഞി പൂച്ച





റിത്വിക് ബിജു
ക്ലാസ്സ്: 3 എ

# പുള്ളിപ്പൂമ്പാറ്റ



പുള്ളിപ്പൂമ്പാറ്റ
പൂമ്പാറ്റ നല്ല പൂമ്പാറ്റ
ചന്തമുള്ള പൂമ്പാറ്റ
പാറി നടക്കും പൂമ്പാറ്റ
പൂന്തേനുണ്ണും പൂമ്പാറ്റ
പലനിറത്തിൽപലതരത്തിൽ
പുള്ളിയുടുപ്പിട്ട പൂമ്പാറ്റ



# അമ്പിളിമാമൻ

അന്ന കെ ബി
ക്ലാസ്സ്: 3 എ

എന്റെ നല്ല ചെങ്ങാതി

അമ്പിളിമാമൻ അല്ലേ നീ ചങ്ങാതി

തിളക്കമുള്ള അമ്പിളിമാമൻ

രാത്രിയിൽവിരുന്നിനെത്തും ചങ്ങാതി

എന്നുടെ വീട്ടിൽവന്നാട്ടേ

പാലും പഴവും തരാം

എന്നോടൊപ്പം കളിക്കുമോ

എന്റെ നല്ല ചങ്ങാതി







**അശ്വിൻ രാജ്**
**ക്ലാസ്സ്: 3 എ**

# മഴവില്ല്

ആകാശത്തിൽവിരുന്നിനെത്തും
ഏഴു നിറമുള്ള മഴവില്ല്
മഴയത്തൂടെ ഓടിനടക്കും
പാറി നടക്കും മഴവില്ല്
ഞാണില്ലാത്ത വില്ലാണ്
കുട്ടികൾക്കിഷ്ടം മഴവില്ല്
മഴ തീരുമ്പോൾ മഴവില്ലേ
നമ്മളെ വിട്ട് പോകല്ലേ



വ്യാസൻ
ക്ലാസ്സ് : 3 എ

# മഴ

മഴ മഴ മഴ നല്ല മഴ
മരങ്ങളുലയും കുഞ്ഞിമഴ
കാറ്റത്താടും കിളികളും
ഇടിയും മിന്നലും വന്നല്ലോ
മഴ മഴ മഴ നല്ല മഴ
തവളകൾ ചിരിക്കും പവിഴ മഴ
കൂണുകൾ മുളക്കും
കളിച്ചു രസിക്കാം മഴയത്ത്
ചിരിച്ചുരസിക്കാം മഴയത്ത്
മഴ മഴ മഴ നല്ല മഴ







ഋദ്വൈത്
ക്ലാസ്സ് : 3 എ

# മിന്നി പൂച്ചയും ചിന്നു പട്ടിയും

പണ്ട് പണ്ട് മിന്നി പൂച്ചയും അവന്റെ കൂട്ടുകാരൻ ചിന്നു പട്ടിയും ഉണ്ടായിരുന്നു ഒരു ദിവസം അവർ ഒരുമിച്ച് കാട്ടിൽ പോയി അവർ അവിടെ വെച്ച് അവർ ഒരു മുയലിനെ കണ്ടു അവരെ കണ്ടപ്പോൾ മുയൽ പേടിച്ചുപോയി അപ്പോൾ മിന്നു ചോദിച്ചു നിന്റെ പേര് എന്താണ് എന്റെ പേര് മിട്ടു നമുക്ക് കൂട്ടുകാർ ആയാലോ ഓക്കേ അങ്ങനെ അവർ കൂട്ടുകാരായി.





ടെസ എസ് ലാൽ
ക്ലാസ്സ്: 3 എ

# തത്തയും പ്രാവും

തത്തയും പ്രാവും കൂട്ടുകാരായിരുന്നു. രണ്ടുപേരും ഒരുമിച്ച് ഉറങ്ങും കഴിക്കും കളിക്കും രണ്ടുപേരും കഥ പറഞ്ഞു രസിക്കും ഒരു ദിവസം തത്ത ആഹാരം തേടിപ്പോയി തത്തക്ക് പഴം കിട്ടി. തത്തക്ക് സന്തോഷമായി തത്ത ഒരു പഴം കുത്തിയെടുത്തു. വീട്ടിലേക്ക് കൊണ്ടുവന്നു തന്റെ കൂട്ടുകാരനായ പ്രാവിന് കൊടുത്തു പ്രാവിന് സന്തോഷമായി രണ്ടുപേരും ചിരിച്ചു.



# ശബരിമലയിലേക്ക് ഒരു യാത്ര



വിപഞ്ചിക് എസ് വിനോദ്
ക്ലാസ്സ് : 1 എ

ഡിസംബർമൂന്നാം തീയതി രാവിലെ ഞാനും അച്ഛനും അച്ഛനും അച്ഛമ്മയും എല്ലാവരും കൂടി ചേരിക്കാല അമ്പലത്തിൽനിന്ന് കെട്ടുകെട്ടി തേങ്ങ അടിച്ചു ബസ്സിൽ കയറി ശബരിമലയ്ക്ക് പോയി കുറെ ദൂരം പോയിട്ട് ഞങ്ങൾ ഉച്ചയ്ക്ക് റോഡരികിൽ നിന്ന് ചോറ് കഴിച്ചു വീണ്ടും യാത്ര തുടങ്ങി. കൈപിടിച്ചു ശബരിമലയിലേക്ക് നടന്നു നമ്മൾ നടന്നപ്പോൾ ഞങ്ങളുടെ കൂടെ കുറെ പേര് ഉണ്ടായിരുന്നു രാത്രിയായപ്പോൾ ശബരിമലയിൽ എത്തി തേങ്ങ അടിച്ചു പതിനെട്ടാം പടി കയറി അയ്യപ്പനെ തൊഴുതു എന്നിട്ട് താഴെ ഇറങ്ങി ഞങ്ങൾ എല്ലാപേരും ഒരു സ്ഥലത്ത് വന്നിട്ട് പുതപ്പ് വിരിച്ചു കിടന്നു നല്ല തണുപ്പുണ്ടായിരുന്നു രാവിലെ എണീറ്റ് തിരിച്ചു മലയിറങ്ങി വരുന്ന വഴിക്ക് പന്നികളെ കണ്ടു കുരങ്ങനെ കണ്ടു വലിയ മരങ്ങൾ കണ്ടു പിന്നെ ഞാൻ പരുന്തിനെയും കണ്ടു കുറെ നടന്നപ്പോൾ പമ്പയിൽ എത്തി. അവിടുന്ന് ബസ്സിൽകയറി ശിവന്റെ അമ്പലത്തിൽ ഇറങ്ങി ഞങ്ങൾ പോയ ബസ്സിൽ കയറി വീട്ടിലേക്ക് തിരിച്ചു എന്നിട്ട് ഞങ്ങൾ ഒരിടത്ത് ഇറങ്ങി ആറ്റിൽ കുളിച്ചു ആഹാരം കഴിച്ചു എനിക്ക് കളിപ്പാട്ടവും അനിയത്തിക്ക് വളയും മാലയും വാങ്ങിച്ചു വൈകിട്ടായപ്പോൾ വീട്ടിലെത്തി ശബരിമല യാത്ര നല്ല രസമായിരുന്നു.






**ആദിദേവ്**
**ക്ലാസ്സ്: 3 എ**

പണ്ട് പണ്ട് ഒരു കാക്കയുണ്ടായിരുന്നു ഒരു ദിവസം കാക്ക പറക്കുകയായിരുന്നു അപ്പോൾ ഒരു മയിൽ വന്നു പറഞ്ഞു എനിക്കാണ് കൂടുതൽഭംഗി എന്ന്. അപ്പോൾ എല്ലാ പക്ഷികളും ചിരിച്ചു കാക്കയ്ക്ക് ഒരുപാട് സങ്കടമായി വീണ്ടും കാക്ക തീറ്റ തേടി പറക്കുകയായിരുന്നു വീണ്ടും മയിൽകാക്കയെ കളിയാക്കി അപ്പോൾ കാക്കയുടെ കൂട്ടുകാരിയായ വെള്ള മയിൽവന്നിട്ട് പറഞ്ഞു നമുക്കൊരു മത്സരം വയ്ക്കാം നമുക്കൊരു മത്സരം വയ്ക്കാം നേരം പുലർന്നു മൃഗങ്ങളെല്ലാം പുൽമേട്ടിൽവന്നെത്തി. ആദ്യം വന്നത് കുരുവി ആയിരുന്നു ജഡ്ജ് ചെയ്തത് സിംഹമായിരുന്നു രണ്ടാമത് വന്നത് മയിലായിരുന്നു മൂന്നാമത് വന്നത് വെള്ളമയിലായിരുന്നു വെള്ളം മയിൽജയിച്ചു കാക്കയുടെ അടുത്ത് ചെന്ന് മാപ്പ് പറഞ്ഞു.





ആദികേശ് ആർ
ക്ലാസ്സ് : 3 എ

# ആനയും അണ്ണാറക്കണ്ണനും

ഒരിടത്തൊരു ആനയും അണ്ണാനും ഉണ്ടായിരുന്നു. അണ്ണാൻ ഛിൽഛിൽ എന്നു ഒച്ച വയ്ക്കും. ആന അലറും. രണ്ടുപേരും എപ്പോഴും വഴക്കാണ്. ഒരു ദിവസം പരുന്ത് അണ്ണാനെ റാഞ്ചാൻ വന്നു. ആന തുമ്പിക്കൈ എടുത്തു പരുന്തിനെ ഒറ്റയടി. പരുന്ത് പേടിച്ചു പറന്നുപോയി. അണ്ണാൻ ആനയോട് നന്ദി പറഞ്ഞു. രണ്ടുപേരും ചങ്ങാതിമാരായി മാറി.

# എന്റെ ഡയറി



കെ എം സുധി
ക്ലാസ്സ്: 3 എ

**14/12/2025**

ഞായർ

ഇന്ന് ഞായറാഴ്ചയാണ്. പള്ളിയിൽ പോയി ഇന്ന് എനിക്ക് ഏറെ സന്തോഷമുള്ള ദിവസമാണ്. എന്താണ് കാരണമെന്നറിയണ്ടേ? ഇന്ന് എന്റെ പള്ളിയിൽക്രിസ്തുമസ് കരോൾ ആണ്. ഞാനാണ് ക്രിസ്തുമസ് ഫാദറായി വേഷമിടുന്നത്. ഓരോ വീട്ടിലും പോയി ഡാൻസ് കളിച്ചു. എല്ലാവരും സന്തോഷിച്ചു. അത് കണ്ടപ്പോൾ എനിക്ക് ഒരുപാട് സന്തോഷമായി.







# വിഗ്രഹം ചുമന്ന കഴുത

മാധവ് ആർ രാജേഷ്
ക്ലാസ്സ് : 2 എ

ഗ്രാമത്തിലെ ശില്പി ഒരു വിഗ്രഹം ഉണ്ടാക്കി മനോഹാരിയായ ഒരു ദേവി വിഗ്രഹം തൊട്ടടുത്ത ഗ്രാമത്തിൽതാമസിക്കുന്ന കൂട്ടുകാരന്റെ അമ്പലത്തിൽപ്രതിഷ്ഠിക്കാൻ വേണ്ടിയാണ് വിഗ്രഹം ഉണ്ടാക്കിയത് ശില്പി ശിൽപ്പത്തെ കഴുതപ്പുറത്ത് കയറ്റി കൂട്ടുകാരന്റെ ഗ്രാമത്തിലേക്ക് യാത്രയായി ഭംഗിയുള്ള ദേവി വിഗ്രഹം കണ്ട നാട്ടുകാർശിൽപ്പത്തെ കൈകൂപ്പി വണങ്ങി. അവർ ശിൽപ്പിക്കും കഴുതയ്ക്കും ആദരവോടെ വഴി മാറി കൊടുത്തു ആളുകൾ വണങ്ങുന്നത് തന്നെയാണെന്ന് കഴുതയ്ക്ക് തോന്നി . അവന് അഹങ്കാരം കൂടി അമറാനും ചാടാനും തുള്ളാനും തുടങ്ങിയ കഴുതയെ കണ്ട് ശിൽപിക്ക് ദേഷ്യം വന്നു വിഗ്രഹം താഴെ വീഴും എന്ന അവസ്ഥ വന്നപ്പോൾ ശില്പി ഒരു വടിയെടുത്ത് കഴുതയെ മർദ്ദിച്ചു കിട്ടേണ്ടത് കിട്ടേണ്ട സമയത്ത് തന്നെ കിട്ടിയപ്പോൾ അവൻ അഹങ്കാരം മറന്നു നമ്മളിൽ ചിലരും ഇതുപോലെയാണ്.



നിങ്ങളുടെ ഭാവനകൾക്ക് നിറം പകരാനായി ഞങ്ങൾ

ലിറ്റിൽ കൈറ്റ്സ് നിങ്ങളോടൊപ്പം